

ആരു സഹായിക്കും ലോകം തുണയ്ക്കുമോ
ജീവൻ പോയിടുമ്പോൾ ആശ്രയമാരുള്ളൂ

സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നില്ക്കും
ക്ലേശമോടെല്ലാവരും കണ്ണുനീർ തൂകിടും

ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലെയാരൊള്ളൂ

ഭാര്യമക്കൾ ബന്ധുമിത്രരുമന്ത്യത്തിൽ
ഖേദം പെരുകീട്ടു മാർവിലടിക്കുന്നു

ഏവനും താൻ ചെയ്ത കർമങ്ങൾക്കൊത്തപോൽ
ശ്രീഘ്രമായി പ്രാപിക്കാൻ ലോകം വിട്ടീടുന്നു

കൺകളടയുമ്പോൾ കേൾവി കുറയുമ്പോൾ
എൻ മണവാളാ നിൻ ക്രൂശിനെ കാണിക്ക

ദൈവമേ നിൻമുന്നിൽ ഞാൻ വരുന്നേരത്തിൽ
നിൻ മുഖ വാത്സല്യം നീയെനിക്കേകണേ

യേശുമണവാളാ സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യനാക്കേണമേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



പൊന്നു കർത്താവേ നിൻ തങ്ക രുധിരത്താൽ
ജീവിത വസ്ത്രത്തിൻ വെണ്മയെ നല്കണേ

മരണത്തിൻ വേദന ദേഹത്തെ തള്ളുമ്പോൾ
ദൈവമേ നീയല്ലാതാരെനിക്കാശ്രയം

യോർദാന്റെ തീരത്തിൽ ഞാൻ വരുന്നേരത്തിൽ
കാല്കളെ വേഗം നീ അക്കരെയാക്കണേ

ഭൂവിലെ വാസം ഞാൻ എപ്പോൾ വെടിഞ്ഞാലും
കർത്താവിൻ രാജ്യത്തിൽ നിത്യമായി പാർത്തിടും

ഇമ്പമേറും സ്വർഗെ എൻ പിതാവിൻ വീട്ടിൽ
ആയുസ്സനന്തമായി വാഴുമാറാകണേ

സീയോൻമലയിലെൻ കാന്തനുമായി നില്പാൻ
ഞാനിനി എത്രനാൾ കാത്തിരുന്നീടണം



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me